FRIDAY 02/01/2026 വെള്ളിയാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/01/2026

1. കേരള കാർഷിക സർവകലാശാലയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുഷ്പമേള പൂപ്പൊലി - 2026 ജനുവരി 1മുതൽ 15 വരെ അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നടത്തപ്പെടുന്നു. പൂപ്പൊലിയുടെ ഉത്ഘാടനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ്, ജനുവരി രണ്ടാം തിയതി വൈകീട്ട് അഞ്ചു മണിക്ക് നിർവഹിക്കും. കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി. അശോക് IAS ആമുഖ പ്രഭാഷണം നടത്തും. 13 ഏക്കറിൽ ഒരുക്കിയിരിക്കുന്ന പൂക്കളുടെ വർണ്ണവിസ്മയം കേരളത്തിലെ ഏറ്റവും വലിയ ലൈവ് ഫ്ലവർ ഷോയാണ്. മലയോര മേഖലയിലെ കാർഷിക പ്രശ്നങ്ങളും ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളും ഉൾപ്പെടുത്തി എട്ട് ദിവസങ്ങളിലായി കാർഷിക സെമിനാറുകളും കാർഷിക ക്ലിനിക്കുകളും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യകളുടെയും മികച്ചയിനം നടീൽ വസ്തുക്കളുടെയും കാർഷിക ഉൽപ്പന്നങ്ങളുടെയും പ്രദർശന വിപണന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മേളയും ഒരുക്കിയിട്ടുണ്ട്. മുതിർന്നവർക്ക് 70 രൂപയും 6 വയസിന് മുകളിൽ ഉള്ള കുട്ടികൾക്ക് 35 രൂപയുമാണ് ടിക്കറ്റ് നിരക്ക്.

2. കൃഷിയധിഷ്ഠിത ഫാം പ്ലാൻ വികസന പദ്ധതിയിലേക്ക് കോഴിക്കോട് ജില്ലയിലെ നാദാപുരം പഞ്ചായത്തിലെ കർഷകരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. 10 സെന്റ് മുതൽ 5 ഏക്കർ വരെ സ്ഥലവിസ്തൃതിയുള്ള കർഷകർക്ക് ഈ മാസം മൂന്നിനകം അപേക്ഷകൾ തൂണേരി ബ്ലോക്കിലെ എടച്ചേരി, നാദാപുരം, പുറമേരി, തൂണേരി, ചെക്യാട്, വളയം വാണിമേൽ എന്നീ കൃഷിഭവനുകളിൽ സമർപ്പിക്കാമെന്ന് തൂണേരി എഡിഎ അറിയിച്ചു.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് & ഫുഡ് ടെക്നോളജി, തവനൂരിലെ എ.ഐ.സി.ആർ.പി ഓൺ എഫ്.ഐ.എം സ്കീമിലെ "Assessment of Farm Mechanization status and prospects of custom hiring centre in India 2024-25" എന്ന പ്രൊജക്ടിലെ യങ് പ്രൊഫഷണൽ തസ്തികയിലേക്ക് അംഗീകൃത സർവലാശാലയിൽ നിന്നുള്ള ബി.ടെക്(അഗ്രി. എഞ്ചി.) ബിരുദം യോഗ്യതയും പ്രാദേശിക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഭാഷയിലും കാർഷിക യന്ത്രവൽക്കരണത്തിലുമുള്ള പ്രാവീണ്യവും ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിയമനം നടത്തുന്നതിന് 07.01.2026-ന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. വിശദ വിജ്ഞാപനം കേരള കാർഷിക സർവകലാശാല വെബ്സൈറ്റായ www.kau.in, kcaet.kau.in എന്നീ ലിങ്കുകളിൽ ലഭ്യമാണ്. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് 07.01.2026-ന് രാവിലെ 10 മണിക്ക് ഈ ഓഫീസിൽ വെച്ച് നടക്കുന്ന വാക്ക്-ഇൻ-ഇന്റർവ്യൂ യിൽ ബന്ധപ്പെട്ട രേഖകളുമായി പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0494 2686214.

## പരിശീലന പരിപാടി

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ "കാട വളർത്തൽ " എന്ന വിഷയത്തിൽ 06/01/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെ ത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

5. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി 05 മുതൽ 09 വരെ 5 ദിവസങ്ങളിലായി "ശാസ്ത്രീയ പശു പരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 03.01.2026-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476-2698550 ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8089391209, 0476-2698550

## കാർഷിക നിർദേശം

6. വിഷു വിപണി കണക്കാക്കിയുള്ള പച്ചക്കറികൾ നടാൻ സമയമായി. നീർവാർച്ചയുള്ള, ഉറപ്പുള്ള സ്ഥലങ്ങൾ വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് തെരഞ്ഞെടുക്കണം. വെള്ളരി, പാവൽ, പടവലം, കുമ്പളം, മത്തൻ, പയർ എന്നിവയ്ക്ക് തടം കോരി, ചപ്പുചവറിട്ട് കത്തിച്ച് മണ്ണ് തണുത്തതിനുശേഷം അരിക് വശം കൊത്തിയിറക്കി സെന്റൊന്നിന് രണ്ടരകിലോ കുമ്മായം ചേർത്തിളക്കി ഒരാഴ്ച്ചയ്ക്ക് ശേഷം ജൈവവളം ചേർത്ത് വിത്തിടാം. വഴുതന, മുളക്, ചീര എന്നിവയുടെ വിത്ത് പാകി മുളപ്പിച്ച ശേഷം തൈകൾ മേൽ പറഞ്ഞ പ്രകാരം നിലമൊരുക്കി പറിച്ചു നട്ടാൽ മതിയാകും.

ചീരയിലെ ഇലപ്പുള്ളി രോഗം തടയാൻ 10 ഗ്രാം സ്യൂഡോമോണാസ് ഒരു കിലോ വിത്തിന് എന്ന തോതിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിത്തുമായി കലർത്തി വിതയ്ക്കുക. പച്ച ചീരയും ചുവപ്പ് ചീരയും ഇടകലർത്തി വിതയ്ക്കുന്നത് രോഗങ്ങളും കീടങ്ങളും കുറയ്ക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം